പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6876 — 13/07/2012-ൽ മറുപടിയ്ക്ക്

**ക്ഷേത്രങ്ങൾക്ക് നൽകിവരുന്ന ആന്വിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| (എ) | സംസ്ഥാനത്ത് ക്ഷേത്രങ്ങൾക്കുള്ള വർഷാശനം (ആന്വിറ്റി) അവസാനമായി പുതുക്കി നൽകിയത് എപ്പോഴാണെന്ന് വെളിപ്പെടുത്താമോ; | (എ) | നോട്ടിഫിക്കേഷൻ നമ്പർ 18554/ലെജിഎ1/2001/ലാ അനുസരിച്ച് ക്ഷേത്രങ്ങൾക്കുള്ള വർഷാശനം (ആന്വിറ്റി) പുതുക്കി ഉത്തരവാകു കയും ജി.ഒ.(പി) നം. 12/2009/ആർഡി തീയതി 06/01/2009 അനുസരിച്ച് ചട്ടങ്ങൾ രൂപീകരി ക്കുകയുമുണ്ടായിട്ടുണ്ട്. |
| (ബി) | നിലവിൽ നൽകുന്ന വർഷാശനം ക്ഷേത്രങ്ങളുടെ നടത്തിപ്പിന് തീരെ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മലബാറിലെ വർഷാശനം നൽകുന്ന ക്ഷേത്രങ്ങളും നൽകുന്ന തുകയും എത്രയാണെന്ന് വിശദമാക്കാമോ; | (സി) | ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിന് കീഴിൽ ഓരോ ക്ഷേത്രവും സ്വതന്ത്ര അസ്തിത്വമുള്ള സ്ഥാപനം എന്ന നിലയിലാണ് നിയമാനുസൃതം നടന്നുവരുന്നത്. ആന്വിറ്റി അനുവദിക്കപ്പെട്ടതും അപ്രകാരം അർഹമായ അതാത് ക്ഷേത്രങ്ങൾക്കു തന്നെയാണ്. ആന്വിറ്റി പാസ്സാകുന്നതിൽ മലബാർ ദേവസ്വം ബോർഡ് അസിസ്റ്റൻറ് കമ്മീഷണർ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റ് നൽകുന്നതനുസരിച്ച് ട്രഷറിയിൽ നിന്നുമാണ് ക്ഷേത്രാധികാരികൾ തുക കൈപ്പറ്റി വരുന്നതു്. ആന്വിറ്റി ലഭ്യമായ ക്ഷേത്രങ്ങളുടെ എണ്ണം കൺസോളിഡേറ്റ് ചെയ്ത് സൂക്ഷിച്ചുവരുന്നില്ല. |
| (ഡി) | ഈ തുക കാലാനുസൃതമായി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | ക്ഷേത്ര ഭരണാധികാരികളിൽ നിന്നുള്ള അപേക്ഷ പരിഗണിച്ച് ലാൻറ് ബോർഡാണ് ക്ഷേത്രങ്ങൾക്ക് നൽകിവരുന്ന ആന്വിറ്റി പുതുക്കുന്നത് . |

സെക്ഷൻ ഓഫീസർ